ഡിസ്ട്രിക്ട് ആഫീസിൽ നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിയമനത്തിനുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനങ്ങൾ ഉടനേ നടത്തുമോ ?

ഉത്തരം

(എ) 25 ഒഴിവുകൾ.

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് നിയമനത്തിനായി ഉദ്യോഗാർത്ഥികളെ ഉടനേ ശുപാർശ ചെയ്യുന്നതാണ്.

"അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ"

324. [506] ശ്രീ. സി. വാസുദേവ മേനോൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും വേണ്ടിയുള്ള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ എവിടെയെല്ലാമാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങൾ ആസ്ഥാനമാക്കി സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ മൂന്ന് ബഞ്ചുകൾ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ഭാഷാ ന്യൂനപക്ഷങ്ങളുടെ ജാതി സർട്ടിഫിക്കറ്റ്

325. [507] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴ് ഭാഷാ ന്യൂനപക്ഷങ്ങൾ ഉൾപ്പടെയുള്ളവർക്ക് ജാതി സർട്ടിഫിക്കറ്റ് കേരളത്തിൽ നിന്നും നൽകുന്നില്ലയെന്നുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു സംസ്ഥാനത്തുനിന്നും മറ്റൊരു സംസ്ഥാനത്തേക്ക് കുടിയേറിപ്പാർക്കുന്നവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാർഗ്ഗരേഖകൾ 12-2-1986-ലെ ജി. ഒ. (എം. എസ്.) നമ്പർ 10/86/എസ്. സി. എസ്. റ്റി. ഡി. നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അനുസരിച്ച് 1950-ലെ ഭരണഘടനാ പട്ടികജാതി/പട്ടികവർഗ്ഗ ഉത്തരവ് പ്രാബല്യത്തിൽ വരുന്നതിന് മുൻപ് ഈ സംസ്ഥാനത്തേക്ക് കുടിയേറി സ്ഥിര താമസം ആക്കിയിട്ടുള്ളവർക്ക് അവരുടെ ജാതി/സമുദായം ഈ സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുന്നുണ്ടെങ്കിൽ അവർക്കും അവരുടെ മക്കൾക്കും ഈ സംസ്ഥാനത്തെ റവന്യൂ അധികാരികളിൽ നിന്നും ജാതി സർട്ടിഫിക്കറ്റ് ലഭിക്കുവാനും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള ആനുകൂല്യങ്ങൾ ഈ സംസ്ഥാനത്തു നിന്നു തന്നെ ലഭിക്കുവാനും അർഹതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly